പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:908 02.12.15 ൽ മറുപടിക്ക്

# കായലുകളിൽ നിന്ന് പായൽ നീക്കം ചെയ്യുന്നതിന് നടപടി

ചോദ്യം

ശ്രീ.എ.എം.ആരിഫ്.

(എ) അരൂർ മണ്ഡലത്തിലെ കായലുകളിൽ നിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ എന്ത് തുകയാണ് ജലവിഭവ വകുപ്പിന് ചെലവായിട്ടുള്ളത് ;ഫിർമ വഴി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ; വർഷം തിരിച്ച് ലഭ്യമാക്കുമോ ;പായൽ നീക്കം ചെയ്യാത്തതിനെ തുടർന്ന് മത്സ്യതൊഴി ലാളികൾക്ക് മത്സ്യബന്ധനം നടത്തുവാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

മറുപടി

ശ്രീ.പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കായലുകളിൽ നിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ ജലവിഭവ വകുപ്പ് തുകയൊന്നും ചിലവാക്കിയിട്ടില്ല. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ 'കുളവാഴ നിർമ്മാർജ്ജനവും പുനരുപയോഗവും എന്ന പദ്ധതി' പ്രകാരം 15,48,93,618/- രൂപ പായൽ നീക്കം ചെയ്യാൻ ഉപയോഗിച്ചു . വർഷം തിരിച്ച് ചിലവാക്കിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2010-11 | 97,73,294 |
| 2011-12 | 575,98,938 |
| 2012-13 | 2,96,78,167 |
| 2013-14 | 3,36,76,156 |
| 2014-15 | 2.41,67,063 |
| ആകെ | 154,89,36,18 |

പായൽ നീക്കം ചെയ്യാത്തതിനെ തുടർന്ന് മത്സ്യതൊഴി ലാളികൾക്ക് മത്സ്യബന്ധനം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) പായൽ നിറഞ്ഞതുമൂലം മത്സ്യബന്ധനം നടത്താൻ പറ്റാത്തതു മൂലമുള്ള നഷ്ടം പരിശോധിച്ച് മത്സ്യതൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഏജൻസിയെ നിയമിക്കുമോ ; നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പായൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ